प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ആഗസ്റ്റ് 02, 2019

# ബംഗളൂരുവിലെ സ്വർണ്ണ ഭാരതി സഹകാരബാങ്ക് നിയാമിതയ്ക്കുമേൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പണപ്പിഴ ചുമത്തി

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, (ആർബിഐ) 2019 ജൂലൈ 25-ലെ അതിന്റെ ഉത്തരവിലൂടെ ബംഗളൂരുവിലെ സ്വർണ്ണ ഭാരതി സഹകാരബാങ്ക് നിയാമിതയ്ക്കു മേൽ 10 ലക്ഷം രൂപയുടെ പണപ്പിഴചുമത്തി. മൂന്നാം കക്ഷിയുടെ അക്കൗണ്ട് പേയീ ചെക്കുകൾ കളക്ട്ചെയ്യുന്നതു സംബന്ധിച്ച ആർബിഐ ഉത്തരവുകൾ പാലിക്കാതിരുന്നതിനാണ്, ഈ പിഴചുമത്തിയിട്ടുള്ളത്.

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 47A(1)(c), ഒപ്പം സെക്ഷൻ 46 (4) (i), സെക്ഷൻ 56 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർബിഐയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ചാണ്, ആർബിഐയുടെ മുകളിൽ പറഞ്ഞിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ സഹകരണബാങ്കിനുണ്ടായ പരാജയം കണക്കിലെടുത്ത് ഈ പിഴ ചുമത്തിയിട്ടുള്ളത്.

നിയന്ത്രണ സംബന്ധമായ വ്യവസ്ഥകൾ പാലിക്കുന്നതിൽ വന്ന പോരായ്മകളുടെ അടിസ്ഥാനത്തിലാണ് ഈ നടപടി. അല്ലാതെ, ബാങ്കിന്റെ ഏതെങ്കിലും ഇടപാടിന്റെയോ, ബാങ്ക് അതിന്റെ കസ്റ്റമറുമായി ഏർപ്പെട്ട ഏതെങ്കിലും കരാറിന്റെയോ സാധുതയെ സംബന്ധിച്ചുള്ള അഭിപ്രായപ്രകടനമായി ഇതിനെ കണക്കാക്കേണ്ടതില്ല.

<u>പശ്ചാത്തലം</u>

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, (ആർബിഐ)യ്ക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ബംഗളുരുവിലെ സ്വർണ്ണ ഭാരതി സഹകാരബാങ്ക് നിയാമിതയുടെ ബുക്കുകളും അക്കൗണ്ടുകളും പരിശോധിച്ചതിൽ, ആർബിഐ ഉത്തരവുകൾ ലംഘിച്ചുകൊണ്ട്, ക്രെഡിറ്റു സൊസൈറ്റികളുടെ അംഗങ്ങളുടെ പേരിലുള്ള, 50,000/- രൂപയിൽ കവിഞ്ഞ മൂന്നാംകക്ഷി അക്കൗണ്ട്പേയി ചെക്കുകൾ കളക്ട്ചെയ്തിട്ടുള്ളതായി കണ്ടെത്തി. മുകളിൽ പറഞ്ഞ ആർബിഐ ഉത്തരവുകൾ പാലിക്കാതിരുന്നതിന് പിഴചുമത്താതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആർബിഐ ബാങ്കിനു ഒരു നോട്ടീസ് നൽകി.

ബാങ്കിന്റെ മറുപടിയും, മുഖദാവിൽ നൽകിയ സമർപ്പണങ്ങളും, കൂടുതലായി നൽകിയ സമർപ്പണങ്ങളും, പരിഗണിച്ചതിൽ, ആർബിഐ ഉത്തരവുകൾ പാലിക്കാതിരുന്ന കുറ്റം സാരവത്താണെന്നും, പണപ്പിഴചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള തീരുമാനത്തിൽ, ആർബിഐ എത്തുകയായിരുന്നു.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/335**